പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1504 16.03. 2015- ലെ മറുപടി

## പ്രവാസികൾക്ക് സ്വയംതൊഴിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക നടപ്പാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന പദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇപ്രകാരം തിരിച്ചെത്തിയവരുടെയും അവരിൽ സർക്കാർ പദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തിയവരുടെയും കണക്കുകൾ ലഭ്യമാണോ; | ബി) നിതാഖത്ത് മൂലം തിരികെ വന്ന വിവിധ എയർപ്പോർട്ടുകളിലെ ഹെൽപ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്തിരുന്ന 22634 പേരോട് അവരുടെ വിശദ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ അപ്ഡേറ്റ് ചെയ്ത 5783 പേരെ കൂടികാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽ നിന്ന് 2049 പേരെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനായി തെരഞ്ഞെടുത്ത് വിവിധ ബാങ്കുകൾക്ക് ശുപാർശക്കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പേർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |

| | |
|---|---|
| (സി) പ്രവാസി ക്ഷേമനിധിയിൽ നിന്നും നൽകുന്ന പെൻഷൻ സംബന്ധിച്ച വിശാദാംശം ലഭ്യമാക്കാമോ; | (സി) അംഗത്വമെടുത്ത് കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം അടച്ച 60 വയസ്സ് പൂർത്തിയായ പ്രവാസി കേരളീയൻ(വിദേശം) അംഗത്തിന് പ്രതിമാസം 1,000/- രൂപ മിനിമം പെൻഷനും തിരിച്ചുവന്ന പ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ അംഗങ്ങൾക്ക് പ്രതിമാസം 500/- രൂപയും മിനിമം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. 5 വർഷത്തിൽ കൂടുതലായി അംശദായം അടക്കുന്ന അംഗങ്ങൾക്ക് ഓരോ പൂർത്തീകരിച്ച വർഷത്തിനും മിനിമം പെൻഷന്റെ 3% ത്തിന് തുല്യമായുള്ള തുക കൂടി അധിക പെൻഷന് അർഹതയുണ്ടായിരിക്കുന്നതുമാണ്. 2015 ജനുവരി മാസം വരെ അർഹരായ 361 പേർക്കായി 8,32,500/- രൂപ പെൻഷൻ ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ഡി) പ്രവാസികൾക്ക് പെൻഷൻ യഥാസമയം ലഭിക്കുന്നുണ്ടോയെന്നും, ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ചും വിശദീകരിക്കാമോ ? | (ഡി) 2015 ജനുവരി മാസം വരെ അർഹരായ എല്ലാ അംഗങ്ങൾക്കും പെൻഷൻ ബോർഡിൽ നിന്നും കൃത്യമായി അനുവദിച്ചുവരുന്നുണ്ട്. പെൻഷൻ കുടിശ്ശിക ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ